കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിക്കുളം ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(പി1)873/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:19.06.2019

ഡെപ്യൂട്ടി ഡയറക്ടർ

സെക്രട്ടറി(പ്രസിഡന്റ് മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –തളിക്കുളം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, 2-4(iii), 2-6, 2-7, ഭാഗം 3 ലെ 3-4, 3-13, 3-17 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയപകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി1)873/2019 തീയ്യതി:19.06.2019

## തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1.04.2017 മുതൽ 31.3.2018 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.03.19 മുതൽ 19.03.19 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി.ബിത.ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.കെ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.നിജു.സി.എസ്. | ഓഡിറ്റർ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | കെ.കെ.രജനി | 1.4.17 മുതൽ 17.11.17 വരെ |
| | എം.കെ.ബാബു, വൈസ് പ്രസിഡന്റ് (ഇൻ ചാർജ്ജ്) | 17.11.17 മുതൽ 13.12.17 FN വരെ |
| | സന്ധ്യ രാമകൃഷ്ണൻ | 13.12.17 AN മുതൽ 31.3.18 വരെ |
| സെക്രട്ടറി | ടി.എസ്.ബെനഡിക്ട് ആന്റണി | 1.4.17 മുതൽ 29.4.17 വരെ |
| | സി.എൽ.ജോയ് | 29.4.17 മുതൽ 16.5.17 FN വരെ |

| | | |
|---|---|---|
| | സജി.പി.ആർ. | 16.5.17 AN മുതൽ 07.6.17 FN വരെ |
| | ഉന്മേഷ്.എ.ആർ. | 07.6.17 AN മുതൽ 31.3.18 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സുനിൽകുമാർ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | രമ്യ.വി.എം | 01.04.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ജാൻസി അഗസ്റ്റിൻ | 01.04.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ബിന്ദു.എം.യു. | 01.04.17 AN മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.നിജ്ജ ജോർജ് | 01.04.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഡീന ആന്റണി | 01.4.17 AN മുതൽ 31.3.18 വരെ |
| ഹെഡ് മിസ്ട്രസ് | ഗീത.പി.കെ | 01.04.17 മുതൽ 31.5.17 വരെ |
| | ശ്രീകല.എം.പി. | 03.06.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ,T2(തളിക്കുളം) | ജിഷ.ആർ.എം. | 1.4.17 മുതൽ |

| | | |
|---|---|---|
| | | 31.3.18 വരെ |
| വി.ഇ.ഒ,T1 | ജൂഡി.എസ് | 1.4.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | എൻ.ജി.ദിനേശൻ | 1.4.17 മുതൽ 27.4.17 വരെ |
| | സാബിറ.കെ.പി., അക്കൗണ്ടന്റ് (ഇൻ ചാർജ്ജ് ഓഫ് അസിസ്റ്റന്റ് സെക്രട്ടറി) | 28.04.17 മുതൽ 15.06.17 വരെ |
| | കെ.കെ.ജോയ് | 16.06.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ജീജഭായി.സി.എച്ച്. | 1.4.17 മുതൽ 31.3.18 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അൻസിൽ.പി.എം. | 1.4.17 മുതൽ 09.05.17 FN വരെ |
| | ലീന ഡെന്നീസ് | 09.5.17 AN മുതൽ 18.11.17 FN വരെ |
| | വി.എസ്.സുരേഷ് ബാബു | 18.11.17 AN മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം-2 | | |
| 13 | ബജറ്റ് അശ്രദ്ധമായി കൈകാര്യം ചെയ്യുന്ന -മുന്നിരിപ്പിൽ കൃത്യതയില്ല | 2-1 |
| 14 | രജിസ്റ്റർ-അനുബന്ധ ഫയലുകളുടെ പരിപാലനത്തിൽ വീഴ്ച | 2-2 |
| 15 | ബൈലോ-തുടർനടപടി സ്വീകരിക്കുന്നില്ല-NH-ന് സമീപമുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങൾ എഗ്രിമെന്റ് ഇല്ലാതെ വാടകക്ക് നൽകുന്നു | 2-3 |
| 16 | ഡി ആന്റ് ഒ ലൈസൻസ് -ട്രേഡ് ജീവനക്കാരുടെ തൊഴിൽ നികുതി -പൊതു അപാകതകൾ | 2-4 |
| 17 | വേക്കൻസി റമിഷൻ-വസ്തു നികുതിയിളവ്-ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരമില്ല, ഫയൽ ലഭ്യമാക്കിയില്ല | 2-5 |
| 18 | NH അതോറിറ്റിയുടെ സാക്ഷ്യപത്രമില്ലാതെ പെട്രോൾ പമ്പിനു പെർമ്മിറ്റ്, കെട്ടിടനമ്പർ നൽകി | 2-6 |
| 19 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടില്ലാതെ CRZ കെട്ടിടത്തിനു അധികൃത കെട്ടിട നമ്പർ നൽകി | 2-7 |
| 20 | വിമുക്തഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കി നൽകൽ-സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല | 2-8 |
| 21 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നല്കൽ-ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരമില്ല.മറ്റു അപാകതകൾ | 2-9 |
| 22 | വസ്തുനികുതി-പ്യൂരിഫിക്കേഷൻ അവലോകനം | 2-10 |
| ഭാഗം-3 | | |

| | | |
|---|---|---|
| 23 | ആശ്രയ-വികസനഫണ്ട് തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3-1 |
| 24 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-2 |
| 25 | പ്രധാന അധ്യാപിക നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 3-3 |
| 26 | വനിത ഘടക പദ്ധതിയിൽ അനിവാര്യമായ പ്രോജക്ടുൾ ഉൾപ്പെടുത്തിയില്ല. | 3-4 |
| 27 | ഗുണഭോക്തൃ സമിതി പ്രവൃത്തികൾ -പൊതു അപാകതകൾ | 3-5 |
| 28 | ഗുണഭോക്തൃ സമിതി പ്രവൃത്തികൾ -ഓവർഹെഡ് ചാർജ് അധികം അനുവദിച്ചത് ഈടാക്കേണ്ടതാണ്. | 3-6 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി | 3-7 |
| 30 | ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 3-8 |
| 31 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന | 3-9 |
| 32 | ലോഗ് ബുക്ക് | 3-10 |
| 33 | ശമ്പളപരിഷ്കരണം - അധികം അനുവദിച്ച തുക തിരിച്ചടവാക്കി | 3-11 |
| 34 | എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങി സ്ഥാപിക്കൽ അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-12 |
| 35 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ പദ്ധതി നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-14 |
| 37 | കാജാകമ്പനി റോഡ് കാന, കൾവെർട്ട് നിർമ്മാണം-അപാകതകൾ | 3-15 |
| 38 | വനിത ഫിറ്റ്നസ് സെന്ററിന് കെട്ടിടം-അപാകതകൾ | 3-16 |
| 39 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -അപാകതകൾ | 3-17 |
| 40 | ബിറ്റുമിൻ വാങ്ങൽ- സെക്രട്ടറിയുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന പ്ലാൻ ഫണ്ട് -തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 3-18 |
| ഭാഗം-4 | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 52 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29/3/2017 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 371848984.15 രൂപയും പ്രതീക്ഷിത ചെലവ് 353550770/- രൂപയും ആണ്. പുതുക്കിയ ബജറ്റ് 14.02.18-ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഭരണ സമിതിയുടെ അംഗീകാരം സംബന്ധിച്ച മിനിറ്റ്സ് ലഭ്യമല്ല. കണക്ക് ധനകാര്യ മിനിറ്റ്സിൽ ചേർത്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 02-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.18, 23.6.18 | നം.കെ.എസ്.എ.ടി.എസ്.ആർ.ഇ3-1150/18 (72) തിയതി.31.7.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11400775 |
| വരവ് | 57180232 |
| ആകെ | 68581007 |
| ചെലവ് | 66334418 |
| നീക്കിയിരിപ്പ് | 2246589 |

## 1-5 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>ഒ.ബി</th><th>വരവ്</th><th>ആകെ</th><th>ചെലവ്</th><th>സി.ബി</th></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)</td><td>0</td><td>11987000</td><td>11987000</td><td>10592792</td><td>1394208</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td>0</td><td>9789045</td><td>9789045</td><td>7400254</td><td>2388791</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)</td><td>0</td><td>0</td><td>0</td><td>0</td><td>0</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ് (ACR പ്രകാരം)</td><td>0</td><td>9849000</td><td>9849000</td><td>7277559</td><td>2571441</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td>0</td><td>2591000</td><td>2591000</td><td>2346545</td><td>254445</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം)</td><td>0</td><td>6098453</td><td>6098453</td><td>3870925</td><td>2227528</td></tr>
<tr><td colspan="2">പെർഫോമൻസ് ഗ്രാന്റ്</td><td>0</td><td>0</td><td>0</td><td>0</td><td>0</td></tr>
<tr><td colspan="2">ലോകബാങ്ക് സഹായം (സംസ്ഥാനം)</td><td>0</td><td>672547</td><td>672547</td><td>672547</td><td>0</td></tr>
<tr><td colspan="2">ലോകബാങ്ക് സഹായം (കേന്ദ്രം)</td><td></td><td>267180</td><td>267180</td><td>267180</td><td>0</td></tr>
<tr><td rowspan="3">എം.ജി.എൻ.ആർ.ഇ.ജി.എസ്</td><td>തൊഴിലാളികളുടെ കൂലി (ഇ.എഫ്.എം.എസ്.)</td><td>0</td><td>16331331</td><td>16331331</td><td>16331331</td><td>0</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>1120</td><td>815706</td><td>816826</td><td>814371</td><td>2455</td></tr>
<tr><td>Material cost</td><td>0</td><td>0</td><td>0</td><td>0</td><td>0</td></tr>
<tr><td colspan="2">തനതു ഫണ്ട് (pnb)</td><td>4322510</td><td>8681121</td><td>13003631</td><td>11484570</td><td>1519061</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| തനതു ഫണ്ട് (STSB) | 6464912 | 114435994 | 17908506 | 17369251 | 539255 |
| ബി ഫണ്ട് | 0 | | | | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 69605381 | 128 | 38173281 | 54 | 11 | 66.32 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1120 | 815706 | 816826 | 814371 | 2455 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16331331 | 16331331 | 16331331 | 0 |
| മെറ്റിരീയൽ കോസ്റ്റ് | - | - | - | - | - |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24360 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 2290600 | 741 |
| വിധവാപെൻഷൻ | 864800 | 4859 |
| വാർദ്ധക്യകാല പെൻഷൻ | 21056500 | 5933 |
| വികലാംഗ പെൻഷൻ | 3735600 | 1142 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സത്രീകൾക്കുള്ള പെൻഷൻ | 14983600 | 272 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 270000 | 9 |

| വിവാഹധനസഹായം | | |
|---|---|---|

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2019 തീയതി 3.55pm ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51106/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1. ബജറ്റിംഗ് മുതൽ പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും വരെയുള്ള കാര്യങ്ങളിൽ ആഭ്യന്തര നിയന്ത്രണം ദുർബ്ബലമാണ് എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു. മതിയായ സ്ഥിതിവിവരകണക്കുകളുടെയും വ്യക്തമായ മുന്നാലോചനയുടെയും അടിസ്ഥാനത്തിലോ, ബജറ്റ് നിർമ്മാണ ചട്ടങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടിട്ടോ അല്ല ബജറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. മിനിറ്റ്സ് പ്രകാരമുള്ള മുന്നിരിപ്പുകളും ലഭ്യമാക്കിയ ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പുകളും പൊരുത്തപ്പെടാത്തത്, ഭരണസമിതി റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച വിവരം, ബജറ്റ് കണക്കുകൾ സകർമ്മ മിനിറ്റ്സിൽ ചേർക്കാത്തത്(ഖണ്ഡിക 2.1) ഇതിനു അടിവരയിടുന്നു. ആഭ്യന്തര നിയന്ത്രണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ബജറ്റ് എന്നിരിക്കെ, ഈ അവസ്ഥ ആഭ്യന്തര നിയന്ത്രണത്തിൽ ഏറ്റവും പ്രധാനമായ ധനകാര്യ മാനേജ്മെന്റിനെ മൊത്തത്തിൽ ദുർബ്ബലപ്പെടുത്തുന്നുണ്ട്.

2. വാർഷിക ധനകാര്യ പത്രികകൾ തമ്മിലും, പത്രികകളും അനുബന്ധ രജിസ്റ്ററുകളും തമ്മിലും പൊരുത്തമില്ലാത്തതും (ഖണ്ഡിക 1.12) ആഭ്യന്തര നിയന്ത്രണത്തെ ദുർബ്ബലപ്പെടുത്തുന്ന മറ്റൊരു സൂചകമാണ്.പ്രതിമാസ വരവുചെലവുകൾ പ്രാഥമികമായി പരിശോധിച്ച് യഥാകാലം ആഭ്യന്തര ഓഡിറ്റ് നിർവ്വഹിയ്ക്കേണ്ട ഉത്തരവാദിത്വം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കുണ്ട് എന്ന് പഞ്ചായത്ത്രാജ് നിയമം നിഷ്കർഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തെ ശക്തിപ്പെടുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഈ വിധ പരിശോധനകൾ നിർണ്ണായകമാണ്. എന്നാൽ ആ വിധമുള്ള പരിശോധന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ നടത്തിയതായി കാണുന്നില്ല.
3. വാങ്ങൽ നടപടിക്രമങ്ങളിൽ സ്റ്റോർ പർച്ചേസ് മാന്വൽ ,കേരള ഫിനാൻഷ്യൽ കോഡ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.(ഖണ്ഡിക 3-13 )
4. പദ്ധതി ആവിഷ്കരണം നിർവ്വഹണം മോണിറ്ററിംഗ് എന്നിവയിൽ സ്റ്റാൻറിംഗ് കമ്മിറ്റികൾ കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടില്ല. (ഖണ്ഡിക 3-1,3-4,3-17) .
5. ആവിഷ്കരിച്ച പദ്ധതികളുടെ ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തുന്നതിന് , നിർവ്വഹണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറേണ്ടതുണ്ട്. പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിൽ നിർണ്ണായക പങ്കുവഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം രജിസ്റ്ററുകളുടെ അഭാവത്തിൽ വിലയിരുത്താനായില്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ കഴിയാത്തവിധം നശിച്ചുപോയത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പോരായ്മയാണ്.
6. ചെലവ് രേഖകൾ ഹാജരാക്കാത്തത് (ഖണ്ഡിക 3-8) . അനുവദനീയമായതിലും കൂടുതൽ തുക ചെലവഴിക്കൽ (ഖണ്ഡിക 3-6,3-13) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതിരിക്കൽ (ഖണ്ഡിക 3-15), സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകൾ (ഖണ്ഡിക 3-5,3-6) തുടങ്ങി ആഭ്യന്തരനിയന്ത്രണത്തിന്റെ നിരവധി പോരായ്മകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2019 | ജനവരി 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-02-11 | 2006-07 to 2010-11 | 13-05-11 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. റേഷ്യോ അനാലിസിസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62 (എഫ്)).
2. ബി-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബി-11 ഷെഡ്യൂളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പാക്കാനായില്ല.
3. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്യുതും 3 മാസ കാലാവധിക്കുള്ളിൽ എൻകാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ "Liability in respect of stale cheques” എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നമ്പർ/ തീയതി | തുക |
|---|---|
| 355729/ 31.03.16 | 350 |
| 123/ 15.12.17 | 1,007 |
| 334342/ 15.11.12 | 150 |
| 74671/ 07.07.15 | 350 |
| 978238/ 13.06.13 | 2,920 |
| 334330/ 25.10.12 | 100 |

5. i) വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തു നികുതി, ലൈബ്രറി സെസ്സ് തൻവർഷ വരവുകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഡിമാന്റിൽ സഞ്ചയ സാംഖ്യ പ്രകാരം വ്യത്യാസമില്ല.

| വസ്തു നികുതി (തൻവർഷം) | സാംഖ്യ | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| റസിഡൻഷ്യൽ ഡിമാന്റ് | 2139579 | 2139579 | വ്യത്യാസമില്ല |
| വരവ് | 2497077 | (1977943+ 193778) | 379391 |

| | | | |
|---|---|---|---|
| ബാലൻസ് | - | - | വ്യത്യാസമില്ല |
| നോൺ റസിഡൻഷ്യൽ ഡിമാന്റ് | 1963281 | 1963281 | ഇല്ല |
| വരവ് | 1321159 | (1830439+ 159625) | 668905 |
| ബാലൻസ് | 4877 | 4875 | 2 |

(ii) ഇതു കൂടാതെ സാംഖ്യ, സഞ്ചയ എന്നിവയിലെ ഗണിതക്രിയകളും കൃത്യമല്ല.

വസ്തു നികുതി (നോൺ റസിഡൻഷ്യൽ) തൻവർഷ നീക്കിയിരുപ്പ് വരേണ്ടത് സാഖ്യ പ്രകാരം 1963281–1321159 = 642122 രൂപയും സഞ്ചയ പ്രകാരം 1963281-1990064 = -26783/- രൂപയുമാണ്. അതായത് കുടിശ്ശികയില്ല. എന്നാൽ 4875/- രൂപ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്.

(iii)2016-17 വാർഷിക കണക്കുകൾ B-9 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ) മുൻകൂർ ഇനത്തിൽ 54035/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ റിപ്പോർട്ട് പ്രകാരം ഇതിലധികം തുക മുൻകൂർ ഇനത്തിൽ താഴെ പറയും പ്രകാരം ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്.

വസ്തു നികുതി (റസിഡൻഷ്യൽ) - 193738

വസ്തു നികുതി (നോൺ റസിഡൻഷ്യൽ) - 159625

6. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും വാർഷിക കണക്ക് റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകളുടെ വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Net cash generated

by Financing activities – 10624585

Net increase in cash and cash equavalents statement – 9154186

7. വാർഷിക കണക്കുകൾ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 2,70.000/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 270000+150000= 4200000 രൂപ ചെലവ് വന്നിട്ടുണ്ട്. 150000/- രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

8. ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് 2884758/- രൂപയാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2584758/- രൂപയാണ്. ജില്ലാപഞ്ചായത്തിന്റെ ബാലൻസ് തുക വാർഷിക കണക്ക പ്രകാരം 192140/- രൂപയും ലഭ്യമാക്കിയ കണക്ക പ്രകാരം 279640/- രൂപയും ആണ്. അപാകത ക്രമീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് അശ്രദ്ധമായി കൈകാര്യം ചെയ്യുന്നു-മുന്നിരിപ്പിൽ കൃത്യതയില്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മേല്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് ഭരണസമിതി 29.3.17ൽ തീരുമാനം 2 പ്രകാരം അംഗീകരിക്കുകയും പിന്നീട് പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 14.2.2018 ലെ 2-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്(കണക്കുകൾ മിനിറ്റ്സിൽ ചേർത്തിട്ടില്ല) .എന്നാൽ സകർമ്മ മിനിറ്റ്സ് പ്രകാരം ഭരണസമിതി റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു കാണുന്നില്ല. 2017-18 ലെ ബജറ്റ് തയ്യാറാക്കുന്നതിലേക്ക് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തക്ക ഫയലുകളൊന്നും ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ച തീരുമാനങ്ങൾ പ്രകാരമുള്ള (മിനിറ്റ്സിലെ)കണക്ക്

| ഇനം | റിവൈസ്ഡ് ബജറ്റ് 2016-17 3(1)/23.3.17 | ബജറ്റ് 2017-18 1/25.3.17 | ബജറ്റ് ഭേദഗതി 2017-18 2/29.3.17 | Actuals 2016-17 (Budget) |
|---|---|---|---|---|
| മുന്നിരിപ്പ് | 5430864.15 | 4965944.15 | 21136784.15 | 7482563 |
| വരവ് | 115628384 | 352312200 | 350712200 | 105023036 |
| ആകെ | 121059248.15 | 357278144.15 | 371848984.15 | 112505599 |
| ചെലവ് | 116093304 | 353550770 | 353550770 | 109510989 |
| നീക്കിയിരിപ്പ് | 4965944.15 | 3727374.15 | 18298214.15 | 2994610 |

ഓഡിറ്റിനു ലഭ്യമാക്കിയ ബജറ്റ് പ്രകാരം

| ഇനം | റിവൈസ്ഡ് ബജറ്റ് 2016-17 | ബജറ്റ് 2017-18 | ബജറ്റ് റിവൈസ്ഡ് 2017-18 | AFS, R& P പ്രകാരമുള്ള കണക്ക് |
|---|---|---|---|---|
| മുന്നിരിപ്പ് | 1,25,65,709.15 | 21136784.15 | 2994610 | 11400775 |
| വരവ് | 11,56,26,384 | 350712200 | 384152500 | 5,71,80,232 |
| ആകെ | 12,81,92,093.15 | 371848984.15 | 387147110 | 6,85,81,007 |
| ചെലവ് | 10,70,55,309 | 353550770 | 379763912 | 6,63,34,418 |
| നീക്കിയിരിപ്പ് | 2,11,36,784.15 | 1,82,98,214.15 | 73,83,198 | 22,46,589 |

മിനിറ്റ്സ് പ്രകാരമുള്ള മുന്നിരിപ്പുകളും ലഭ്യമാക്കിയ ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പുകളും പൊരുത്തപ്പെടുന്നില്ല. 25.3.17 ലെയും 29.3.17 ലെയും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ള മുന്നിരിപ്പുകളും

പൊരുത്തപ്പെടുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 34/21.3.19)

## 2-2 രജിസ്റ്റർ-അനുബന്ധ ഫയലുകളുടെ പരിപാലനത്തിൽ വീഴ്ച

1) വർക്കിംഗ് ഗ്രൂപ്പ് രജിസ്റ്റർ പരിപാലിക്കുന്നില്ല

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് രജിസ്റ്റർ 29.1.18 മുതൽ ഉള്ളതാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിൽ തന്നെ 12.3.2018, 24.3.18 എന്നീ തീയതികളിൽ യോഗം കൂടിയ വിവരങ്ങളുടെ വിശദാംശങ്ങളില്ല.

2) ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2017-18 വർഷത്തെ കെട്ടിടങ്ങളുടെ പെർമിറ്റ് രജിസ്റ്റർ, കെട്ടിടങ്ങളുടെ ഫയലുകൾ, പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ, സാംഖ്യ ഹെഡ് വൈസ് റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

പെർമ്മിറ്റ് രജിസ്റ്ററിൽ ക്രമവൽക്കരണം ചെയ്യുന്ന കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ബിൽഡിംഗ് ഏരിയ വിവരം, റഗുലറൈസ് ചെയ്ത ഏരിയ വിവരം, കെട്ടിട നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല

ഉദാഹരണമായി ക്രമ നം. 154, 138, 133, 134, 135, 136, 137, 130, 122, 119, 114, 104, 96, 90, 73, 61, 56, 54, 52 എന്നിവയിലെ രേഖപ്പെടുത്തലുകൾ പൂർത്തീകരിച്ചിട്ടില്ല.

2017-18 പെർമ്മിറ്റ് രജിസ്റ്റർ പ്രകാരം അപേക്ഷ ക്രമനമ്പറുകളുടെ എണ്ണം 209 ഉം സാംഖ്യ പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവ അടവാക്കിയത് 204+149=353 എണ്ണവുമാണ്. (സാംഖ്യ ഹെഡ് വൈസ് റിപ്പോർട്ടുകൾ അനുസരിച്ച്)

രജിസ്റ്ററിൽ അപേക്ഷ പ്രകാരമുള്ള വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

## 2-3 ബൈലോ-തുടർനടപടി സ്വീകരിക്കുന്നില്ല-NH-ന് സമീപമുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങൾ എഗ്രിമെന്റ് ഇല്ലാതെ വാടകക്ക് നൽകുന്നു

വസ്തു നികുതി-ഉപനികുതി ഒഴിവാക്കിയതിന്റെ 2017-18 സഞ്ചയ ലിസ്റ്റ് പ്രകാരം കെട്ടിട നം VI/524 മുതൽ VI/553 വരെയുള്ള 30 കെട്ടിടങ്ങൾ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിൽ പെടുന്നവയാണ്. ഇതിൽ 19 മുറികളിൽ നിന്നാണ് തൻവർഷം വാടക ഈടാക്കിയിട്ടുള്ളത്. ആകെ വാർഷിക കളക്ഷൻ 2,22,360/- രൂപ. കൂടാതെ 2 കെട്ടിടങ്ങൾക്കെതിരെ RR നടപടി സ്വീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)NH ന്റെ സമീപമുള്ള 30 കെട്ടിടമുറികളിൽ മുകളിൽ പറഞ്ഞ 19 മുറികൾക്ക് പുറമെയുള്ള 11 മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും കരാർ വെച്ചിട്ടില്ല. കെട്ടിടനം VI/525, 552, 553-കുടുംബശ്രീ കാര്യാലയം,VI/543, 544-പഞ്ചായത്ത് വിപണന കേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരുമായി

കരാറിലേർപ്പെട്ടതായി കാണുന്നില്ല.

2)2017-18 വർഷത്തേക്ക് കെട്ടിട നം. VI/527, 532, 534, 535, 537, 549 എന്നീ മുറികളുടെ വാടകക്കാരുമായി മാത്രമാണ് വാടകക്കരാർ പുതുക്കിയിട്ടുള്ളത്. പുതുക്കിയവയിൽ തന്നെ കരാർ വിവരമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3)കരാറനുസരിച്ച് SD/വാടകമുൻകൂർ അടവാക്കിയ വിവരം,GST അടവാക്കിയ വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലെഡ്ജർ സഹിതം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

4)വാടക ഈടാക്കുന്നത് 30.9.92-ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ബൈലോയുടെ അടിസ്ഥാനത്തിലാണ്. കമ്മിറ്റി അംഗീകരിച്ച ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും നാളിതുവരെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിവരങ്ങളുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

5. ഷോപ്പിംഗ് കോംപ്ലക്സിലെ 529 ാം നമ്പർ മുറി സംബന്ധിച്ച് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3-ലെ നിർദ്ദേശപ്രകാരം പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും വിധത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി സ്വീകരിച്ച്, മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## **2-4** <u>ഡി ആന്റ് ഓ ലൈസൻസ് -ട്രേഡ് ജീവനക്കാരുടെ തൊഴിൽ നികുതി -പൊതു അപാകതകൾ</u>

I)ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് ട്രേഡേഴ്സ് ലിസ്റ്റ് , D& O രജിസ്റ്ററുകൾ, ഫയലുകൾ, സഞ്ചയ വിവിധ വിഭാഗ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ലിസ്റ്റുകൾ എന്നിവ പരിശോധിച്ചതിൽ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 16 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി&ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല.സഞ്ചയ പ്രകാരം നികുതി അടവാക്കുന്ന 1361 വാണിജ്യ വ്യവസായകെട്ടിടങ്ങളുള്ളതിൽ ഡി & ഒ, ഡി.സി.ബി. രജിസ്റ്റർ പ്രകാരം 468 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 445 വാണിജ്യ കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ (സഞ്ചയപ്രകാരം)എണ്ണം 1762.

<u>സഞ്ചയ പ്രകാരം -നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കണക്ക്</u>

a) വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ വിവരം

| | |
|---|---|
| $100m^2$ താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾ | 1233 |
| $100m^2$-ന മുകളിലുള്ള (200 താഴെ) വാണിജ്യ കെട്ടിടങ്ങൾ | 37 |
| വ്യവസായ സ്ഥാപനങ്ങൾ | 4 |
| ബങ്ക്, പെട്ടിക്കട, പെട്രോൾ സ്റ്റേഷൻ | 73 |

| | |
|---|---|
| 200 $m^2$-നും അതിനു മുകളിലും വരുന്ന വാണിജ്യ കെട്ടിടങ്ങൾ | 14 |
| ആകെ | 1361 |

b) മറ്റു സ്ഥാപനങ്ങളുടെ വിവരം

| | |
|---|---|
| നികുതി,ഉപനികുതി ഒഴിവാക്കിയത് | 86 |
| ഓഫീസ് കെട്ടിടങ്ങൾ | 30 |
| അസംബ്ളി /ഓഡിറ്റോറിയം കെട്ടിടങ്ങൾ | 17 |
| മൊബൈൽ ടവർ | 4 |
| ആശുപത്രികൾ | 3 |
| വിദ്യഭ്യാസ കെട്ടിടങ്ങൾ | 29 |
| ആരാധനനാലയങ്ങൾ | 49 |
| ആകെ | 218 |

മേൽപ്പറഞ്ഞ ആകെ 1579 കെട്ടിടങ്ങളുടെ വിവരം ആണ് സഞ്ചയ ലിസ്റ്റിൽ സേർച്ച് ഒപ്ഷനിൽ ലഭ്യമായത്. ഇതിൽ നികുതി-ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളും പെടുന്നുണ്ട്. എന്നാൽ 1762 കെട്ടിടങ്ങൾ വാർഡ് തിരിച്ചുള്ള നികുതി അടവാക്കുന്ന നോൺറസിഡൻഷ്യൽ കെട്ടിടങ്ങളിൽ ഉൾപ്പെടുന്നുണ്ട്.ഇത്തരത്തിൽ സഞ്ചയ ലിസ്റ്റിൽ നികുതി അടവാക്കുന്നവയുടെ എണ്ണത്തിൽ അന്തരം വന്നത് വിശദമാക്കേണ്ടതാണ്.

II) വാർഡ് തിരിച്ചുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം.

| വാർഡ് | ട്രേഡേഴ്സ് രജിസ്ററർ പ്രകാരം ട്രേഡേഴ്സ് എണ്ണം | സഞ്ചയ പ്രകാരം നികുതി അടക്കുന്ന നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ/മുറികളുടെ എണ്ണം |
|---|---|---|
| 1 | 8(8കെട്ടിട മുറികൾ) | 48 |
| 2 | 5 (8കെട്ടിട മുറികൾ) | 69 |
| 3 | 27(31കെട്ടിട മുറികൾ) | 129 |
| 4 | 14(14കെട്ടിട മുറികൾ) | 78 |
| 5 | 29(35കെട്ടിട മുറികൾ) | 123 |
| 6 | 90(94 കെട്ടിട മുറികൾ) | 279 |
| 7 | 105(108കെട്ടിട മുറികൾ) | 324 |
| 8 | 20(20കെട്ടിട മുറികൾ) | 80 |
| 9 | 13(15കെട്ടിട മുറികൾ) | 92 |
| 10 | 18(18കെട്ടിട മുറികൾ) | 59 |
| 11 | 23(24കെട്ടിട മുറികൾ) | 91 |
| 12 | 28(30കെട്ടിട മുറികൾ) | 116 |
| 13 | 21 (22കെട്ടിട മുറികൾ) | 74 |
| 14 | 30(38കെട്ടിട മുറികൾ) | 114 |
| 15 | 10(12കെട്ടിട മുറികൾ) | 43 |
| 16 | 4(4കെട്ടിട മുറികൾ) | 43 |

| ആകെ | 445(481കെട്ടിട മുറികൾ) | 1762 |
|---|---|---|

ട്രേഡേഴ്സ് രജിസ്റ്റർ അപൂർണ്ണമാണ്. വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യതവരുത്തേണ്ടതും ഡി ആന്റ് ഓ ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്.ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

III) വാണിജ്യഗണത്തിൽ നിന്നും വ്യവസായ ഗണത്തിലേക്ക് മാറാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-പരിശോധന അനിവാര്യം

വ്യവസായ കാറ്റഗറിയിൽ ആകെ 4 കെട്ടിടങ്ങൾ മാത്രമാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി ഡി ആന്റ് ഓ ഫയൽ പരിശോധനയിൽ വികാസ് ട്രസ്റ്റിനു കീഴിലുള്ള ഒനാവ ഫാൻ നിർമ്മാണ യൂണിറ്റിന് വാണിജ്യ ഗണത്തിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ യൂണിറ്റ് സഞ്ചയയിൽ വ്യവസായ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പല കെട്ടിടങ്ങളും ഉപയോഗക്രമംമാറ്റി ഉപയോഗിക്കുമ്പോൾ/കൈമാറ്റം ചെയ്യുമ്പോൾ പഞ്ചായത്തിൽ വിവരം അറിയിക്കുകയോ, ലൈസൻസ്/മറ്റു കെട്ടിടഅനുബന്ധ രേഖകൾക്കായി പഞ്ചായത്തിനെ സമീപിക്കുമ്പോൾ അനിവാര്യ പരിശോധന നടത്തുവാൻ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ കാണിക്കുകയോ ചെയ്യുന്നില്ലെന്നാണിതിൽ നിന്നും മനസ്സിലാക്കുന്നത്.

പ്രസ്തുത യൂണിറ്റിനു ലൈസൻസ് അനുവദിച്ചപ്പോൾ ഫയർ &റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടതും സുരക്ഷ-മറ്റു മാനദണ്ഡങ്ങൾക്കനുസൃതമായി G1 കാറ്റഗറിയിലുള്ള വ്യവസായ കെട്ടിടമായി സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും അതനുസരിച്ച് വസ്തുനികുതി പരിഷ്കരിക്കേണ്ടതും ആണ്.

IV)പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ളെക്സ് 19 കെട്ടിടങ്ങളിൽ രണ്ടു സ്ഥാപനങ്ങളൊഴിച്ച് മറ്റൊന്നിനും ഡി ആന്റ് ഓ ലൈസൻസ് ഇല്ല

പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ളെക്സ് കെട്ടിടങ്ങൾ വാടകക്കരാർ പുതുക്കുന്ന സമയത്ത് പ്രസ്തുത സ്ഥാപനങ്ങൾ ഡി ആന്റ് ഓ ലൈസൻസെടുത്ത വിവരം, തൊഴിൽ നികുതി അടവാക്കിയ വിവരം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ്, ഡി ആന്റ് ഓ രജിസ്റ്റർ പ്രകാരം VI/526, VI/539 എന്നീ കെട്ടിടങ്ങളുടെ വാടകക്കരാറുകാർ മാത്രമേ തൻവർഷം ഡി ആന്റ് ഓ എടുത്തിട്ടുള്ളൂ. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ഒഴിവാക്കേണ്ടതും, ലൈസൻസ് അനുവദിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

V))ഡി ആന്റ് ലൈസൻസ് ചട്ടപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം.

2017-18 ൽ മാന്വൽ രസീതു ബുക്ക് പരിശോധനയിൽ ഭക്ഷ്യശാല/ബേക്കറി അനുബന്ധ സ്ഥാപനങ്ങളുടെ ഫീൽഡ് പരിശോധന നടത്തുകയോ വൃത്തിഹീന സാഹചര്യം/സാനിറ്ററി സർട്ടിഫിക്കറ്റ് /D& O ലൈസൻസ് അപര്യാപ്തത എന്നീ വിവിധ കാരണങ്ങളാൽ പിഴ അടവാക്കിയതായോ കാണുകയുണ്ടായില്ല.സാനിറ്ററി സർട്ടിഫിക്കറ്റില്ലാതെ ഡി ആന്റ് ഓ ഫീ അടവാക്കിയിട്ടുണ്ട്
ഉദാ: 1)ഡി ആന്റ് ഓ നം.408,409-നൂറുദ്ദീൻ ഷാ,ലൈല നൂറുദ്ദീൻ -Sha International Engg.Solutions,Sha International Branding solutions
2) ഡി ആന്റ് ഓ നം 407-നബീൽ എ എൻ-scrap stock & sale(N.S Trading company)(കെട്ടിടനം 13/172)

ഫയർ NOC ഇല്ലാത്തത്

ഡി ആന്റ് ഓ നം 412-ഇമ്മാനുവൽ മാത്യൂ,ചെറുവള്ളിൽ Premier Timber Traders(30HP),(കെട്ടിടനം IV/119B)

അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ട ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്.

VI)ട്രേഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 205 (സി) പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്.ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും,കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം 56 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ച നികുതി അടവാക്കുന്നത്.വ്യാപാരികളെ സംബന്ധിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം445 സ്ഥാപനങ്ങളും,ഡി,&ഒ രജിസ്റ്റർ പ്രകാരം468 സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം 10 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി കാണുന്നു.ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥാപനഉടമയിൽ നിന്നും അദ്ദേഹത്തിന് ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.
ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല.
ഉദാഹരണമായി Premier Timber Traders എന്ന സ്ഥാപനം ഡിആന്റ് ഓ ലൈസൻസിനു സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 6 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനഉടമയിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.
ഡി& ഒ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്ററ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും,തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 വേക്കൻസി റമിഷൻ-വസ്തു നികുതിയിളവ്-ധനകാര്യസ്റ്റാന്റിംഗ്

## കമ്മറ്റി അംഗീകാരമില്ല,ഫയൽ ലഭ്യമാക്കിയില്ല

വേക്കൻസി റമിഷൻ-വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2017-18 ലെ വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനം(3(2)/10.5.17 ), വേക്കൻസി റമിഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1)അപേക്ഷകൾ സംബന്ധിച്ച ഫയൽ,സാക്ഷ്യപ്പെടുത്തിയ പരിശോധന കുറിപ്പ് എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

II)അംഗീകാരം വാങ്ങാതെ സഞ്ചയയിൽ നികുതി ഒഴിവാക്കിയത്

-കെട്ടിടനമ്പറുകൾ-X/250,VII/395,VII/396,VII/397,VII/398,VI/657,VI/658.VI/659,VI /660,IX/154A

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി 2190/- രൂപ അംഗീകാരമില്ലാതെ ഒഴിവാക്കിയതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല

III)ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അംഗീകാരം ലഭിച്ച അപേക്ഷകൾ സഞ്ചയയിൽ വരാത്തത്

1) അബ്ദുൾഖാദർ കളപ്പുരക്കൽ(VI/394B, VI/394C)
2)നിർമ്മല രത്നപാലൻ ,പുളിപ്പറമ്പിൽ(V/265)
3)സത്യഭാമ ആലക്കത്തറ(III/126)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 9/15.3.19)

# 2-6 NH അതോറിറ്റിയുടെ സാക്ഷ്യപത്രമില്ലാതെ പെട്രോൾ പമ്പിനു പെർമ്മിറ്റ്,കെട്ടിടനമ്പർ നൽകി

ഫയൽ നം 2178/17 തീ.18.2.17 ,B1-1685/18 തീ 14.3.18
അപേക്ഷകൻ-ഹരികിഷൻ വി ആർ
ടെറിറ്ററി മാനേജർ(റിടെയിൽസ്)
ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ്

നാഷണൽ ഹൈവേ-66-നോട് ചേർന്നുള്ള നിർമ്മാണം പൂർത്തീകരിച്ച 377.71 $m^2$ കെട്ടിട ഏരിയയുള്ള പെട്രോൾ പമ്പിനു (കെട്ടിട നം. VI/147A) 10.11.17-നു P225/16-17 നം. പ്രകാരമുള്ള പെർമിറ്റ് നൽകുകയും ന്യൂ ബിൽഡിംഗ് രജിസ്റ്റർ ക്രമ നം. 36/18-19 പ്രകാരം 17607/- രൂപ വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രവും (PCB/TSR/IC/7230/2018/8.5.18) ഫയർ റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ അന്തിമ നിരാക്ഷേപ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 17.10.17-ലെ ജില്ലാ ടൗൺ പ്ളാനറുടെ സി2/8805/2017/D.Dis നമ്പർ ഉത്തരവ് പ്രകാരം നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ അനുമതി ലഭ്യമാക്കാതെ പെർമ്മിറ്റ് അനുവദിക്കുകയും കെട്ടിട നമ്പർ നൽകുകയും

ചെയ്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/22.3.19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-7 അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടില്ലാതെ CRZ കെട്ടിടത്തിനു അധികൃത കെട്ടിട നമ്പർ നൽകി

ഫയൽ നമ്പർ - 4457/16

ശ്രീമതി ബിനി ഹോചിമിൻ വള്ളുവശ്ശേരി, തമ്പാൻകടവ് എന്നവരുടെ 4.8.16ലെ താൽക്കാലിക കെട്ടിട നമ്പറിനുള്ള അപേക്ഷ പ്രകാരം 78.95m$^2$ പ്ലിന്ത് ഏരിയക്കുള്ള കെട്ടിടത്തിനു CRZ clearance certificate-ന് 1.9.16 ലെ അസി.എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് സഹിതം CRZ നു കത്തു നൽകുകയും അതോറിറ്റിയിൽ നിന്ന് 66m$^2$ പ്ലിന്ത് ഏരിയ വരെയുള്ള കെട്ടിടത്തിനു 19.7.17 ലെ 6093/A1/16 KCZMA നമ്പർ ക്ളിയറൻസ് സാക്ഷ്യപത്രം നൽകുകയും ചെയ്തിട്ടുണ്ട് (ഫയൽ നം 5391/17 dt.10.8.17). മേൽ സാക്ഷ്യപത്രത്തിൽ പറഞ്ഞതു പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ്, പൂർത്തീകരിച്ചതിൽ ഏരിയയിൽ മാറ്റം വരുത്തിയതായി സാക്ഷ്യപ്പെടുത്തിയ കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ എന്നിവ കെട്ടിട നമ്പറിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നില്ല. സമർപ്പിച്ചിട്ടുള്ള ഫയലിൽ എന്നാണ് നിർമ്മാണം തുടങ്ങിയതെന്നോ എന്നാണ് നിർമ്മാണം പൂർത്തീകരിച്ചതെന്നോ വ്യക്തമല്ല. ഫയലിൽ ചേർത്തിട്ടുള്ള കെട്ടിടത്തിന്റെ പ്ലാൻ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 139 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതല്ല. ചട്ടം 11 അനുസരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തുടർപരിശോധന നടത്തിയിട്ടില്ല. എന്നിട്ടും കെട്ടിടത്തിനു അനധികൃത കെട്ടിട നമ്പർ നൽകാതെ അപേക്ഷ പ്രകാരം 63.37 m$^2$ കെട്ടിടം എന്ന നിലയിൽ കെട്ടിട പ്ലിന്ത് ഏരിയ കണക്കാക്കി 286 രൂപ വസ്തുനികുതി നിർണ്ണയിക്കുകയും XVI/391A എന്ന കെട്ടിട നം നൽകുകയും ചെയ്തിട്ടുണ്ട്. മേൽ നടപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 36/22.3.19)

## 2-8 വിമുക്തഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കി നൽകൽ- സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല

വിമുക്ത ഭടൻമ്മാർക്ക് വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ അപേക്ഷകൾ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ വസ്തു നികുതി ഒഴിവാക്കി നൽകൽ ലിസ്റ്റ്, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) 23.5.17 ലെ സെക്രട്ടറിയുടെ എ1-4495/16 കത്തു പ്രകാരം വാർഡ് ക്ലർക്കുമാർക്ക് പരിശോധന റിപ്പോർട്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് ക്ലർക്ക് പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയോ ഇതു സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ വെച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

2)ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ സമർപ്പിക്കാതെ, സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കാത്ത രജിസ്റ്റർപ്രകാരമുള്ള 41 വിമുക്തഭടൻമാരിൽ 16 പേരുടെ വിവരം 2017-18 ലെ സഞ്ചയലിസ്റ്റിൽ വന്നിട്ടുണ്ട്(സഞ്ചയ പ്രകാരം ആകെ 19 പേർ).എന്നാൽ രജിസ്റ്റർ പ്രകാരം 41 പേരുടെ നികുതി ഒഴിവാക്കിയയിനത്തിൽ 8506 രൂപയാണ് കുറവ് വന്നതായി കാണിച്ചിട്ടുള്ളത്.ഇതിൽ തന്നെ 2/409,I /424,4/190,2/24 4/136, 4/137,4/78,5/221,13/303 കെട്ടിടങ്ങളുടെ നികുതി

രേഖപ്പെടുത്തിയിട്ടില്ല.കെട്ടിടനമ്പറുകൾ രജിസ്റ്ററിൽ വ്യക്തമല്ല.ഇതു സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധന നടത്തുകയോ പരിശോധനാകുറിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

3)അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം ഭരണമേധാവികൾ വസ്തുനികുതി ഇളവ് അനുവദിച്ച് കൊണ്ട് ഉത്തരവ് നം/തീ. എന്നിവ രേഖപ്പെടുത്തി സ്ഥാപനമുദ്ര പതിപ്പിച്ച് നൽകിയതായി കാണുന്നില്ല.

4)രജിസ്റ്ററിൽ രേഖപ്പെടുത്താതെ സഞ്ചയയിൽ ഒഴിവാക്കിയ കെട്ടിടങ്ങൾ -കെട്ടിടനം 16/37, 16/102, 9/197

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 10/15.3.19)

പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ്ങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റിഅംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെട്ടിട്ടില്ല.

വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച് സ. ഉ(കൈ) നം .106/17 ത.സ്വ.ഭ.വ തീ.26.5.17-ലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 2-9 പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നല്കൽ- ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരമില്ല.മറ്റു അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, സഞ്ചയയിൽ നിന്നുള്ള 2017-18-ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 3((3)/27.2.17,3(1)/10.5.17,9/14.2.18 എന്നീ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)അപേക്ഷകളിൽ മിക്കതിലും പരിശോധന റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. തയ്യാറാക്കിയ പരിശോധന റിപ്പോർട്ടുകളിൽ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ കെട്ടിട നമ്പർ 10/216 ഹസീന നെടുംപുരക്കൽ എന്നവരുടെ കെട്ടിടം രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. മറ്റു വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് | മിനിറ്റ്സ് പ്രകാരം അംഗീകാരം ലഭ്യമാക്കാതെ സഞ്ചയയിൽ ചേർത്ത കെട്ടിട നമ്പറുകൾ | മിനിറ്റ്സ് പ്രകാരം അംഗീകാരമുണ്ടെങ്കിലും രജിസ്റ്ററിലും സഞ്ചയയിലും ചേർക്കാത്ത കെട്ടിടങ്ങളുടെ നമ്പറുകൾ |
|---|---|---|
| I | 227 | - |
| IV | 200 | 41, 263A |
| VI | 4,127 | 382 |
| VII | 18, 155, 156, 157, 158, 159, 206, 484, 485, 486 | - |

| | | |
|---|---|---|
| XIV | 113, 186 | - |
| XV | 226, 254 | - |
| ആകെ | 17 | 3 |

a)സഞ്ചയയിലുള്ള ,സാധൂകരിക്കാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക അടവാക്കിയ വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

b)കെട്ടിട നമ്പർ 1/295, 4/200, 6/4, 3/14, 10/216 എന്നീ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

c)1/126UA, 9/436UA, 10/138UA എന്നീ അനധികൃത കെട്ടിടങ്ങളുടെ ഇതുവരെയുള്ള വസ്തു നികുതി അടവാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6/14.3.19)

## 2-10 വസ്തുനികുതി-പ്യൂരിഫിക്കേഷൻ അവലോകനം

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൌച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential building” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 828,841/-രൂപയുടെയും (ശീർഷകം I18-280100101) 331,939/-രൂപയുടെയും (ശീർഷകം I18-280100104) ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല. എന്നാൽ വിമുക്ത ഭടൻമാർക്ക് നികുതിഒഴിവാക്കൽ വഴി കെട്ടിടനികുതിയിൽ 8506/-രൂപയും വാക്കൻസി റമിഷൻ വഴി 2190/-രൂപയും ഒഴിവാക്കിയിട്ടുണ്ട്.ഇതുവരെ 3167 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിൽ 68 കെട്ടിടങ്ങളെയാണ് 2017-18 ൽ ഒഴിവാക്കിയിട്ടുള്ളത്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് 2018-19 അനുസരിച്ച് മുഴുവൻ കെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നികുതിയിൽ 57587/-രൂപ കുടിശ്ശിക വന്നിട്ടുണ്ട്.2018-19 കളക്ഷൻ പ്രോഗസ്സ് റിപ്പോർട്ട് പ്രകാരം 6,10 എന്നീ വാർഡുകളിലാണ്

കുടിശ്ശിക കൂടുതൽ വന്നിട്ടുള്ളത്(10528/-,43028/-). റിപ്പോർട്ട് പ്രകാരം 2,4,7,8,9 എന്നീ വാർഡുകളിൽ നിന്ന് 2017-18 ൽ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ-വികസനഫണ്ട് തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക വേണ്ടി ആശ്രയ പദ്ധതി നിർബന്ധമായും നടത്തേണ്ടതാണെന്നിരിക്കേ ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി വർഷങ്ങളായി മന്ദഗതിയിലാണ്. 2010-11 മുതൽ 2016-17 വരെയുള്ള കാലയളവിലേക്കായി ആസൂത്രണം ചെയ്ത പദ്ധതി, മുഴുവൻ അടിസ്ഥാന അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിപ്പിച്ചതായി കാണുന്നു. തുടർസേവന പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 105 | 85 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 13 | 8 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 37 | 21 |
| നാളിതുവരെ ലഭിച്ചവർ | 12 | 2 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 55 | 21 |
| നാളിതുവരെ ലഭിച്ചവർ | 19 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 0 | 4 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 0 | 6 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കറന്റ് ആവശ്യമുള്ളവർ | 0 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

പ്ലാൻ ഫണ്ട്, ചലഞ്ച് ഫണ്ട് അക്കൗണ്ടുകളിൽ 31.03.2018-ന് നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. ചലഞ്ച് ഫണ്ട് (പഞ്ചാബ് നാഷണൽ ബാങ്ക്, തളിക്കുളം A/c.4349000100057940) – 5,50,919/- രൂപ

പ്ലാൻ ഫണ്ട് – തളിക്കുളം സർവ്വീസ് സഹകരണ ബാങ്ക് A/c.12720 –17,77,730/- രൂപ

ചലഞ്ച് ഫണ്ട് ഭക്ഷണത്തിനും മെഡിസിനുമായി നൽകിക്കൊണ്ടിരിക്കുന്നുവെന്ന് കുടുംബശ്രീ മെമ്പർ സെക്രട്ടറി അറിയിച്ചു. എന്നാൽ ആവശ്യത്തിന് പ്ലാൻ ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും

ദരിദ്രരും, നിരാലംബരുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്നത്, പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്. വികസനഫണ്ട് 17,77,730/- രൂപ നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത്,ഫണ്ടിന്റെ ദുരുപയോഗമാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തത്, മിനിറ്റ്സിന്റെ അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻഅറിയിച്ചു. മൂന്നാംഘട്ടം അഗതി രഹിത കേരളം (ആശ്രയ) പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും ആയതിൽ കണ്ടെത്തിയ ഗുണഭോക്താക്കളെയും ഒന്നും രണ്ടും ഘട്ടങ്ങളിലുണ്ടായിരുന്ന ഗുണഭോക്താക്കളിൽ അർഹരായവരെയും ചേർത്ത് പദ്ധതിക്ക് ഡി.പി.ആർ തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ കുടുംബശ്രീ ജില്ലാമിഷൻ മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷന് സമർപ്പിച്ചിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക കൂടി വിനിയോഗിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി.നം.3

## 3-2 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പട്ടികജാതി സങ്കേതങ്ങളിലേക്ക് പൊതു ടാപ്പ് എന്ന പദ്ധതി പ്രകാരം 95000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം 24/13.3.18). 8.5.18ലെ എഗ്രിമെന്റ് പ്രകാരം പദ്ധതി 2018 ഡിസംബർ 31നകം പൂർത്തിയാകണം. എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തിയാക്കി സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ഫൈനൽ ബില്ലിന്റെ പകർപ്പ്,പെർഫോമൻസ് റിപ്പോർട്ട്,ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.നം.4

## 3-3 പ്രധാന അധ്യാപിക നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

1.പദ്ധതി നമ്പർ 67 / 18, എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(sം)
അടങ്കൽ തുക 3, 48,000 ചിലവ് 2,24,816, ട്രഷറി ബിൽ നമ്പർ 1/30.6.2017
ടെണ്ടർ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പർച്ചേസിന്റെ സാധുത ഉറപ്പുവരുത്താനായില്ല. 13.2.2017 ലെ സ.ഉ(സാധാ)നം.397/2017/തസ്വഭവ ഉത്തരവിലെ ക്രമനം.10 നിർദ്ദേശമനുസരിച്ച് ഐ.ടി മിഷൻ നിർദ്ദേശിക്കുന്ന മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ്പ് ആയിരിക്കണം വാങ്ങേണ്ടത്.ആയത് പാലിച്ചതിന്റെ വിശദാംശം,ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാരം ഉറപ്പുവരുത്തിയതിന്റെ രേഖകൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2.പദ്ധതി നമ്പരുകൾ 129/18 എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും, 130/18, 131/18 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നിവയിൽ 80/17 സബ്സിഡി മാർഗ്ഗരേഖ ഖ.11.8.4, 5 നിർദേശങ്ങൾക്ക് അനുസൃതമായല്ല പദ്ധതി നടപ്പാക്കിയത്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ/സൈക്കിൾ നൽകേണ്ടത്. ആയത് വാങ്ങി സ്കൂൾ അധികൃതർ

മുഖേന വിതരണം ചെയ്യണം. ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങണം. 5.1.18 ലെ 1/9 നമ്പർ തീരുമാനം, 25.1.18-ലെ 1/5 നമ്പർ തീരുമാനം, 16.2.18-ലെ 2/13 നമ്പർ തീരുമാനം എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ഗ്രാമസഭാ സാധൂകരണം ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ക്രമ നം.1 പ്രകാരമുള്ള ചെലവുതുക 2,24,816 രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി.നം.13

## 3-4 വനിത ഘടക പദ്ധതിയിൽ അനിവാര്യമായ പ്രോജക്ടുകൾ ഉൾപ്പെടുത്തിയില്ല.

1. വനിതകളുടെ സാമൂഹ്യ - സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടക പദ്ധതി രൂപീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശമുള്ളതാണ്. ഇതിന്റെ ഭാഗമായി, ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, കൗൺസിലിംഗ്, ജെന്റർ റിസോഴ്സ് സെന്റർ, ജെന്റർ ഡെസ്ക് രൂപീകരണ പ്രവർത്തനങ്ങളിൽ പ്രോജക്ടുകൾ ഉൾപ്പെടുത്താൻ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ തനതുഫണ്ട് പദ്ധതി 14/18 ജാഗ്രതാ സമിതി പ്രകാരം 60000രൂപ വകയിരുത്തിയതിൽ 3180രൂപ മാത്രമാണ് ചെലവഴിച്ചത്.23.3.2018 ന് 100പേർ പങ്കെടുത്ത ശിൽപ്പശാലനടത്തുക മാത്രമാണ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനായി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ നിർദ്ദേശമുള്ളതാണ്.
2. ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി

i.പഞ്ചായത്ത്തല/ വാർഡ്തല ജാഗ്രതാ സമിതികളുടെ മിനിറ്റ്സ്

ii.സ്ത്രീകളുടെ സാമൂഹ്യപദവി പഠനം നടത്തിയതിന്റെ വിശദാംശം

iii.വനിതാവികസനം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവ ആവശ്യപ്പെട്ടതിൽ ഏതാനും വാർഡുകളുടെ വാർഡ്തല ജാഗ്രതാ സമിതികളുടെ മിനിറ്റ്സ് മാത്രമാണ് ഹാജരാക്കിയത്.ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല എന്നു കണ്ടു.

ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

3. വനിതാ ഘടക പദ്ധതിൽ ഉൾപ്പെടുത്തിയ 6 പ്രോജക്ടുകൾക്കായി 18,13,060 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിൽ 13,92,061 രൂപയും ചെലവഴിച്ചത് വനിത ഫിറ്റ്നസ് സെന്ററിന് കെട്ടിടം, വനിതകൾക്ക് ഫിറ്റ്നസ് സെന്ററും പരിശീലനവും എന്നീ പ്രോജക്ടുകൾ നടപ്പാക്കാൻ വേണ്ടിയാണ്. സ്ത്രീകളുടെ വരുമാന വർദ്ധനവിന് മേൽ പ്രോജക്ടുകൾ എത്രത്തോളം സഹായകരമായിയെന്ന് വിലയിരുത്തപ്പെടണം. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.26/19.3.19

## 3-5 ഗുണഭോക്തൃ സമിതി പ്രവൃത്തികൾ -പൊതു അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ ആയി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. കേരള പഞ്ചായത്ത്രാജ് പൊതുമരാമത്ത് ചട്ടം 13 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതി

രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ ഭൂരിഭാഗം പ്രവർത്തികൾക്കും സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.സംയുക്ത പാൻകാർഡ് ഹാജരാക്കിയിട്ടില്ല. ആദായ നികുതി 2ശതമാനം നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. വരവ് ചെലവ് കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സമിതിയുടെ മിനിറ്റ്സിൽ വരവ് ചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി ക്ലോസ്സ് ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 ഗുണഭോക്തൃ സമിതി പ്രവൃത്തികൾ -ഓവർഹെഡ് ചാർജ് അധികം അനുവദിച്ചത് ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് 7.5 % ആയി സർക്കാർ നിജപ്പെടുത്തിയതാണ്.(ധനകാര്യ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 14.12.2016ലെ No.Ind&PW-B2/266/2016-FIN നമ്പർ, എൽ എസ് ജി ഡി ചീഫ് എഞ്ചിനീയർക്കുള്ള കത്ത്). എന്നാൽ mord /morth സ്പെസിഫിക്കേഷൻ ഉള്ള പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് price softwareൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ 7.5% ൽ കൂടുതൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അധികമായി അനുവദിച്ച ഓവർഹെഡ് ചാർജ്ജ് ഫൈനൽ ബില്ല് നൽകുമ്പോൾ തിരിച്ചുപിടിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ ഡി.ബി3/6512(ബി)/13/സി.ഇ /ത.സ്വ.ഭ.വ സർക്കുലറിൽ നിർദേശിച്ചതാണ്.

മേൽപറഞ്ഞ സർക്കാർ ഉത്തരവ്/ ചീഫ് എഞ്ചിനീയറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ രണ്ടു പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ് 2.5% കുറവു വരുത്താതെ ബിൽ നൽകിയതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1.കോട്ടുത്തുകാവ് ലിങ്ക് റോഡ് റീ-ടാറിംഗ്

പ്രൊജക്റ്റ് നം : 51/18

അടങ്കൽ തുക:2,09,341 രൂപ

ചെലവ് :94977 രൂപ

ട്രഷറി ബിൽ നം:33/12.2.18

കരാർ നം :46/ AE/LSGD/TKM/16-17തീയ്യതി.28.3.17

എംബുക്ക് നം: 65/17-18

TS N0 : 32201/2016-17

കൺവീനർ : ഉണ്ണികൃഷ്ണൻ കരുണാട്ടില്ലം.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ആകെ പ്രവൃത്തിമൂല്യം:1,78,870

കൺവീനർക്ക് അധികം നൽകിയ തുക=1,78,870x2.5%

=4472/- രൂപ

2.ഹെൽത്ത് സെന്റർ റോഡ് റീ-ടാറിംഗ്

പ്രൊജക്റ്റ് നം : 53/18

അടങ്കൽ തുക:1,74,461രൂപ

ചെലവ് :1,74,311രൂപ
ട്രഷറി ബിൽ നം:30/20.1.18
കരാർ നം :48/ AE/LSGD/TKM/16-17തീയ്യതി.28.3.17
എംബുക്ക് നം: 70/17-18
TS N0 : 32201/2016-17
കൺവീനർ : വൽസലൻ ചുള്ളിപ്പറമ്പിൽ
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ പ്രവൃത്തിമൂല്യം:2,89,702
കൺവീനർക്ക് അധികം നൽകിയ തുക=2,89,702x2.5%
=7243 രൂപ

മേൽ രണ്ടു പ്രവൃത്തികളിലുമായി കൺവീനർമാർക്ക് അധികം നൽകാനിടയായ തുക 4472+7243=11715 രൂപ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.37/22.3.19

## 3-7 കന്നുകുട്ടിപരിപാലനപദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറിസർജൻ

പ്രോജക്റ്റ് നമ്പർ-SO121/18

അടങ്കൽ-625000

ചെലവ് 156250

ട്രഷറിബിൽ നം-6/2017-18/18.1.18/156250/-

25 ഗുണഭോക്താക്കൾക്കുള്ള വികസനഫണ്ട് 156250/-രൂപ എസ്.എൽ.ബി.പി ക്ക് മേൽപറഞ്ഞ പ്രകാരം കൈമാറിയിട്ടുണ്ട്. തീറ്റവിതരണം നടത്തുന്ന പാൽ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ വ്യക്തിഗത നാൾവഴി പ്രകാരം അബൂബക്കർ പുത്തൻപുരയ്ക്കൽ എന്ന ഗുണഭോക്താവ് നാളിതുവരെ തീറ്റ സബ്സിഡി കൈപ്പറ്റിയിട്ടില്ല. ഹരിദാസ് വല്ലത്ത് എന്ന ഗുണഭോക്താവ് 22.5.2018 ന ശേഷം കാലിത്തീറ്റ കൈപറ്റിയിട്ടില്ല.ഇവർ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ എസ്.എൽ.ബി.പി അധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ്.എൽ.ബി.പി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-8 ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., തളിക്കുളം

പ്രോജക്ട് നമ്പർ-SO196/18

അടങ്കൽ-2000000

ചെലവ് -913518 (735724 /- ചെക്ക്നം. 3049174)

(177794/- ചെക്ക് നം. 3049179 )

ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന 196/2018നം പദ്ധതിയ്ക്കായി തീരദേശ വികസനഫണ്ടിൽ നിന്നും ലഭ്യമായ 2000000 രൂപ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 15.3.2018-ലെ 3049174 നമ്പർ ചെക്ക് പ്രകാരം 735724 രൂപയും 26.3.2018ൽ 3049179 നമ്പർ ചെക്ക് പ്രകാരം 177794 രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി പഞ്ചായത്തിൽ നിന്ന് മെഡിക്കൽ ഓഫീസർക്ക് നല്കിയിരുന്നു. 735724 രൂപയുടെയും 146572 രൂപയുടെയും ചെലവു വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. 31222 രൂപയ്ക്കുള്ള ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. 28.3.2018ൽ 3049194 നമ്പർ ചെക്ക് പ്രകാരം 300953 രൂപ മെഡിക്കൽ ഓഫീസർക്ക് നല്കിയിട്ടുണ്ട്. പദ്ധതി സ്പിൽ ഓവറായി തുടരുന്നു. 2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച 332175/- രൂപയുടെ ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 332175/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട ഹെൽത്ത് ഡിവിഷന്റെ പ്രതിമാസ ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 205 പൊതുടാപ്പുകളാണ് ഉള്ളത്. 2017-18 വർഷത്തിൽ 1076256 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ., അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയവർ ഗാർഹീക കുടിവെള്ളകണക്ഷനുകൾ നല്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുമുണ്ട്. പൊതുടാപ്പ് എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടുണ്ടോ എന്നറിയുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി 22/15.03.2019-ന് 2017-18 സാമ്പത്തിക വർഷത്തിൽ പരിശോധന നടത്തിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ലോഗ്ബുക്ക്

പഞ്ചായത്ത് വാഹനമായ ബൊലേറോ (KL-46 A 6339)യുടെയും ബഡ്സ് സ്കൂൾ മിനി ബസിന്റെയും (KL 46M 812) ലോഗ്ബുക്ക് പരിശോധിച്ചതിൽ വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇന്ധനം ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. ഇന്ധനത്തിന്റെയും അറ്റകുറ്റപ്പണികളേയും സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധന ഉപയോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് സർക്കുലർ നം.41/2008/ധനം/02.08.2008 ലെ നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 3-11 ശമ്പളപരിഷ്കരണം - അധികം അനുവദിച്ച തുക തിരിച്ചടവാക്കി

ജി ഒ(പി) നം. 7/2016 തിയ്യതി 20.1.2016 പ്രകാരമുള്ള ശമ്പളപരിഷ്കരണം 1.4.2017 ൽ 45/2017/ഫിൻ തിയ്യതി 9.4.17 പ്രകാരം ക്രെഡിറ്റ് ചെയ്തതിൽ ശ്രീ.ദിനേശൻ.എൻ.ജി., അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് 1412 രൂപയുടെയും ശ്രീമതി. മോചിത മോഹൻ, ലൈബ്രേറിയന് 385 രൂപയും അധികം അനുവദിച്ചിരുന്നു. ഓഡിറ്റ് വേളയിൽ ഇത് ചൂണ്ടിക്കാണിച്ചപ്പോൾ മേൽ തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്.

## 3-12 എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങി സ്ഥാപിക്കൽ അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 16-17 ൽ ആവിഷ്കരിച്ചതും 17-18 ലേക്ക് സ്പിൽ ഓവറായിട്ടുള്ളതുമായ പ്രോജക്ട് നം. 59/18, 57/18 എന്നിവ പ്രകാരം 16 വാർഡുകളിലായി 559 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിന് താഴെ കാണും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | വകയിരുത്തിയത് | ബിൽ നം. തിയതി. | KSEBക്ക് ഫിറ്റിംഗ് ചാർജ് നൽകിയത് | 25W LEDക്ക് ഇലക്ട്രോമെറ്റിന് നൽകിയ തുക | ആകെ ചെലവ് |
|---|---|---|---|---|---|
| 57/18-LEDവാങ്ങി സ്ഥാപിക്കൽ | 928282 | (1) 3/17-18 /30.6.17 -672547 (2) 6/17-18 /14.7.17 | 108000 | 819727 | 927727 |

| | | | | | |
|---|---|---|---|---|---|
| | | -147170, (3) 7/17-18 /14.7.17 -108000 | | | |
| 59/18-LEDവാങ്ങി സ്ഥാപിക്കൽ | 478000 | 8/17-18 /14.7.17 -417307, 9/17-18 /14.7.17 -59700 | 59700 | 417307 | 470077 |
| ആകെ | | | 167700 | 1237034 | |

11.7.17 ലെ ഭരണ സമിതിയുടെ 2.1 തീരുമാന പ്രകാരം 16 വാർഡുകളിൽ 559 എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് കെ.എസ്.ഇ.ബി.യോട് ആവശ്യപെടാൻ തീരുമാനിച്ചിട്ടുണ്ട്. 16-17 ൽ ആവിഷ്കരിച്ച എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങി സ്ഥാപിക്കൽ എന്ന രണ്ട് പ്രോജക്ടുകൾക്ക് പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചതിൽ പ്രോജക്ട് നം. 59/18ന് ലഭിച്ച ടെണ്ടറിൽ 25Wഎൽ.ഇ.ഡി. ലാമ്പുകൾക്ക് കുറഞ്ഞ നിരക്ക് രേഖപെടുത്തിയ ഇലക്ട്രോമെറ്റ് ആലുവ എന്ന സ്ഥാപനത്തിന്റെ 2397/E എന്ന നിരക്ക് 1.3.17 ലെ ഭരണ സമിതി 2ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ഫിറ്റിംഗ് ചാർജിനത്തിൽ കെ.എസ്.ഇ.ബി. തളിക്കുളം ഇലക്ട്രിക്കൽ സെക്ഷൻ നൽകിയ നിരക്കായ 300 രൂപ കഴിച്ച് 2097 രൂപയ്ക്ക് 199 ലാമ്പുകൾ വിതരണം ചെയ്തതിന് ഇൻവോയിസ് നം. ഇ.221/28.3.17പ്രകാരം 417307 രൂപ ഇലക്ട്രോമെറ്റിന് നൽകുകയും ചെയ്തു.

അതേസമയം പ്രോജക്ട് നം. 57/18 ന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ആറ് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപെടുത്തിയ ഇലക്ട്രോമെറ്റ് ആലുവ എന്ന സ്ഥാപനത്തിന്റെ 2577/E എന്ന നിരക്ക് 29.3.17 ലെ ഭരണ സമിതി 2.1 നമ്പറായി അംഗീകരിക്കുകയും ഇ.237/30.3.17 ഇൻവോയ്സ് പ്രകാരം 360 25Wഎൽ.ഇ.ഡി. ലാമ്പുകൾ വാങ്ങിയതിന് ഫിറ്റിംഗ് ചാർജ്ജായ 300 രൂപ കഴിച്ച് 2277.019 രൂപ നിരക്കിൽ 819727/- രൂപ ഇലക്ട്രോമെറ്റിന് നൽകി. മേൽ സൂചിപ്പിച്ച രണ്ട് വാങ്ങലുകളിലായി ആകെ 12,37,034 രൂപ ഇലക്ട്രോമെറ്റിന് നൽകിയിട്ടുണ്ട്.

25W എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങി സ്ഥാപിക്കുന്നതിന് നിലവിൽ അംഗീകരിച്ച ഒരു ടെണ്ടർ നിലനിൽക്കെ അതേയിനം ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ഒരേ സ്ഥാപനത്തിന്റെ ടെണ്ടറുകൾ വ്യത്യസ്ത നിരക്കിൽ ഒരേ മാസം തന്നെ ഭരണ സമിതി അംഗീകരിച്ച് ഒരു ദിവസത്തിന്റെ വ്യത്യാസത്തിൽ 180 രൂപ അധിക നിരക്കിൽ 360 ലാമ്പുകൾ വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തിന് 64800/- രൂപ (180*360= 64800) നഷ്ടമുണ്ടായിട്ടുണ്ട്. കേരള സ്റ്റോർ പർച്ചേസ് മാന്വൽ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സാമ്പത്തിക വർഷത്തേക്കാവശ്യമായ വാങ്ങലുകൾ നടത്തുന്നതിന് മുന്നോടിയായി വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി (കേരള ഫിനാൻഷ്യൽ കോഡ് വാല്യം 2 ഫോറം നം. 13 ൽ ഇൻഡന്റ് തയ്യാറാക്കണം) വാങ്ങൽ നടത്തണമെന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. 16-17 ൽ ആവിഷ്കരിച്ചതും സ്പിൽ ഓവറായി മാറ്റപ്പെട്ടതുമായ ഒരേയിനം ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനായി തയ്യാറാക്കിയ രണ്ട് പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി രണ്ട് ടെണ്ടറുകൾ ക്ഷണിച്ച് ഒരേസ്ഥാപനത്തിന്റെ തന്നെ വ്യത്യസ്ഥ നിരക്കുകൾ അംഗീകരിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ നടപടി മുഖേന ഗ്രാമപഞ്ചായത്തിന് 64800 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. തെറ്റായ തീരുമാനം എടുത്തതിലൂടെ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടത്തിന്റെ

ഉത്തരവാദിത്വം തീരുമാനമെടുത്തവർക്കു കൂടി ബാധകമായിരിക്കുമെന്ന് സമാനമായ കേസിൽ ബഹുമാനപെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(C) 18911 (H) 0f 2009 വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 64800/- ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

LED ലാമ്പുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിൽ അടവാക്കിയ 167700/- രൂപയിൽ 113757 രൂപ മാത്രമേ നാളിതുവരെയായി വിനിയോഗിച്ചതായി കാണുന്നുള്ളു. (തളിക്കുളം ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയർ നൽകിയ ഡി.ബി. 13/18-19/78/24.9.18 കത്ത് പ്രകാരം) വാങ്ങിയ ലാമ്പുകളിൽ നാളിതുവരെ 406 എണ്ണം സ്ഥാപിച്ചതിന്റെ റിപ്പോർട്ട് മാത്രമാണ് ഫയലിലുള്ളത്. മുഴുവൻ ലാമ്പുകളും സ്ഥാപിച്ചതു സംബന്ധിച്ച റിപ്പോർട്ട് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വാങ്ങിയ ലാമ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപെടുത്തിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ ആർക്കു വിതരണം ചെയ്തുവെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇക്കാര്യം സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഇലക്ട്രോമെറ്റ് 27.2.17 ന് സമർപ്പിച്ച ടെണ്ടറിൽ 2397രൂപാ നിരക്കിൽ വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് രണ്ട് വർഷ വാറണ്ടി രേഖപെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. അതേസമയം 2577രൂപാ നിരക്കിൽ വിതരണം ചെയ്യുന്നതിന് സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ വാറണ്ടി രേഖപെടുത്തിയിട്ടില്ലെങ്കിലും ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ വാറണ്ടി കാലയളവ് 12 മാസം എന്നാണ് രേഖപെടുത്തി കാണുന്നത്. കൂടിയ നിരക്കിൽ വാങ്ങിയ ഉപകരണങ്ങൾക്ക് കുറഞ്ഞ വാറണ്ടി കാലയളവ് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല നാശമായേക്കാവുന്ന ഉപകരണങ്ങൾ ഏതു പ്രോജക്ട് വഴി വാങ്ങിയതാണെന്ന് മനസ്സിലാക്കാൻ സാധിക്കുകയില്ല എന്നതിനാൽ ഉപകരണങ്ങൾക്ക് രണ്ടു വർഷ വാറണ്ടി ലഭിക്കുമെന്ന് ഉറപ്പാക്കാൻ സാധിക്കുകയില്ല. വാറണ്ടി കാലയളവിലുണ്ടാകുന്ന ഉപകരണ നാശം ഇലക്ട്രോമെറ്റിന്റെ സ്വന്തം ചെലവിൽ പരിഹരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും തന്നെ കരാറിൽ ഉൾപെടുത്തിയിട്ടില്ല. വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ തുടർ നിരീക്ഷണം, ജാഗ്രത എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലായെന്നത് ഇതിൽ നിന്നും വ്യക്തമാണ്.

ഒരേയിനങ്ങൾ വ്യത്യസ്ത നിരക്കിൽ ഒരേ സാമ്പത്തിക വർഷത്തിൽ ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങുന്നത് മൂലം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് കുറിപ്പുകൾ ഒന്നും തന്നെ മിനിറ്റ്സിൽ രേഖപെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിയോജന കുറിപ്പ് രേഖപെടുത്തിയതായും കാണുന്നില്ല. ആയതിനാൽ അധിക തുക നൽകുന്നത് സംബന്ധിച്ച തീരുമാനത്തിൽ വിയോജിപ്പ് രേഖപെടുത്താത്ത ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി എന്നിങ്ങനെ ഉത്തരവാദികളായവരിൽ നിന്നും അധികം നൽകിയ തുക തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/14.3.19 ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-13** <u>സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ പദ്ധതി നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല. ചെലവു തുക തടസ്സപെടുത്തുന്നു.</u>

നിർവ്വഹണം – സെക്രട്ടറി

ട്രഷറി ബിൽ നമ്പർ/തിയ്യതി – 119/14.11.17 തുക – 100000/-

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം. 192/18 പ്രകാരം വാടാനപ്പള്ളി, തളിക്കുളം ഇലക്ട്രിക്കൽ സെക്ഷനുകളിലെ 8 വീതം സ്ഥലങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി എസ്റ്റിമേറ്റ്

തയ്യാറാക്കി നൽകുന്നതിനാവശ്യപ്പെട്ട് 15.3.18 ന് ഗ്രാമപഞ്ചായത്ത് എ.3-3438/17 ആയി കത്തു നൽകുകയും 2.6.17 ലെ 1(1) തീരുമാന പ്രകാരം 14.11.17 ന് 1,00,000 രൂപ കെ.എസ്.ഇ. ബി.യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ 13.11.17ന് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ തിയതി കരാറിൽ രേഖപ്പെടുത്തിയിരുന്നില്ല. തുടർന്ന് 22.3.18 ന് ഡി.ബി.13/2017-18/236 നം കത്ത് പ്രകാരം ബാക്കി തുകയായ 52500 രൂപ അടവാക്കാനാവശ്യപെട്ട് കെ.എസ്.ഇ.ബി.യുടെ കത്ത് ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ, ബാക്കി തുക അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/14.3.19 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ പൂർത്തീകരണം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തികരിക്കാത്ത സാഹചര്യത്തിൽ തുക തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റ് ലഭിക്കുന്നതിനു മുൻപായി തുക അടവാക്കിയ നടപടി ശരിയല്ലായെന്നു കാണുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം – സെക്രട്ടറി

ട്രഷറി ബിൽ നമ്പർ/തിയതി – 66/23.08.17 –100000

- 67/23.08.17 – 50000

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം. 189/18 ഐ.എം.എയ്ക്ക് വിഹിതം, 190/18 ഭിന്നശേഷയുള്ളവർക്ക് വിഹിതം നൽകൽ എന്നിവയ്ക്കായി യഥാക്രമം 1,00,000, 50,000 എന്നിങ്ങനെ തുക ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 18/14.3.19)

## 3-15 കാജാകമ്പനി റോഡ് കാന,കൾവെർട്ട് നിർമ്മാണം-അപാകതകൾ

പദ്ധതി നം.29/18 കാജാകമ്പനി റോഡ് കാന,കൾവെർട്ട് നിർമ്മാണം w13
അടങ്കൽ തുക 3,54,719

ചെലവ് 3,47,585/-

ട്രഷറി ബിൽ നം.11/31.7.17, 2,33,144/-
ട്രഷറി ബിൽ നം.45/27.2.18, 114441/-

കോൺട്രാക്ടർ - ഇ.എൻ ഉണ്ണികൃഷ്ണൻ

Agmt no.40/AE/LSGD/TKM/2016-17/6.3.2017

MB NO.106/16-17,MB NO.113/16-17,MB NO.61/17-18

പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2919.3 പ്രകാരം പ്രവൃത്തികളിൽ പൊളിച്ച് മാറ്റുന്ന ഭാഗങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റർ (പ്രഫോർമ 2900 K)എഴുതി സൂക്ഷിക്കേണ്ടതും ഈ ഭാഗങ്ങൾ പരമാവധി അതേ പ്രവൃത്തിക്ക് തന്നെ ഉപയോഗിക്കേണ്ടതുമാണ്. അല്ലെങ്കിൽ ഇവ ഭൗതിക പരിശോധനക്ക് വിധേയമാക്കി, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതിയോട് കൂടി പൊതുലേലം നടത്തേണ്ടതാണ്. മേൽ നിർമ്മാണത്തിൽ താഴെ പറയുന്ന ഇനങ്ങളുടെ വിനിയോഗവരം അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.

| അളവ് പുസ്തകം പ്രകാരം സ്റ്റാക്ക് ചെയ്ത ഇനങ്ങൾ | എസ്റ്റിമേറ്റ് ഐറ്റം നമ്പർ | അളവ് പുസ്തകം നമ്പർ | അളവ് പുസ്തകം പേജ് |
|---|---|---|---|
| earth work excavation 76.89m3 | 1 | 61/17-18 | 1 |
| demolishing stone rubble masonry 11.825m3 | 9 | 61/17-18 | 12 |

മേൽ പ്രവൃത്തി സംബന്ധിച്ച് 30.8.2017 ലെ 5(1) ഭരണ സമിതി തീരുമാനപ്രകാരം കാജാ കമ്പനി റോഡിലെ പഴയ കാന പൊളിച്ച് മാറ്റിയതിൽ അവശേഷിച്ച കല്ല്, മണ്ണ് എന്നിവ ലേലം ചെയ്യേണ്ടതില്ലെന്നും ആയതിന്റെ തുടർ പ്രവൃത്തിക്ക് ഉപയോഗിക്കാമെന്നും തീരുമാനമെടുത്തിരുന്നു. സ്ഥല പരിശോധന നടത്തിയതിൽ കാന തുടർന്നും പണി നടത്തിയതായി കണ്ടു. മണ്ണ് പരിസരത്തു തന്നെ നിരപ്പാക്കിയതായി ഓവർസിയർ അറിയിച്ചു. ആയത് അളവു പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇത്തരം അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## **3-16** <u>വനിത ഫിറ്റ്നസ് സെന്ററിന് കെട്ടിടം-അപാകതകൾ</u>

പദ്ധതി നമ്പർ – 214/18 വനിത ഫിറ്റ്നസ് സെന്ററിന് കെട്ടിടം

അടങ്കൽ തുക 11,00000

ചെലവ് 1092061/-

ട്രഷറി ബിൽ നം.54/26.3.18

കോൺട്രാക്ടർ –ഹരീഷ് കുമാർ എം.

Agmt no.14/AE/LSGD/TKM/2017-18/1.2.2018

MB NO.106/17-18

25-1-2018 ലെ 1/4 തീരുമാനപ്രകാരം റീ-ഇ ടെണ്ടർ നടത്തിയാണ് മേൽ പ്രവൃത്തി കോൺട്രാക്ട് നൽകിയത്. ഫയൽ പരിശോധനയിൽ നിരീക്ഷിച്ച താഴെ പറയുന്ന അപാകതകൾക്ക് രേഖകൾ

സഹിതം വിശദീകരണം നൽകേണ്ടതാണ്.

1. മേൽപദ്ധതി വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കാണുന്നു. ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവ് നം.72/17 തീയതി 29.3.2017

ഖ.13.3 വനിതാഘടക പദ്ധതി 1 മുതൽ 13 വരെയുള്ള നിർദ്ദേശങ്ങൾക്കനുസൃതമായല്ല മേൽ പ്രവൃത്തി ആവിഷ്കരിച്ചത്. വനിത ഫിറ്റ്നസ് സെന്ററിന് കെട്ടിടം എന്ന പ്രോജക്ട് സ്ത്രീകളുടെ വരുമാന വർദ്ധനവിന് എത്രത്തോളം സഹായകരമായിയെന്ന് വിലയിരുത്തപ്പെടണം. പദ്ധതി രൂപപ്പെടുത്തിയതിന്റെ സാധുത പരിശോധിക്കുന്നതിനായി പൊതുമരാമത്ത്, വനിതാവികസനം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.മേൽ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട് .ഇനം 20 മുതൽ 32 വരെ എക്സ്ട്രാ ഇനങ്ങൾ ചെയ്തു കാണുന്നു. എക്സ്ട്രാ ആയി ചെയ്ത ഇനങ്ങൾ ഏതു നിരക്ക് പ്രകാരം ചെയ്തു എന്നതിന് വ്യക്തതയില്ല, എം.ബി പേജ് 69ൽ ഐറ്റം 20 മുതൽ 32 വരെ 0.57% കുറവിന് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തെങ്കിലും എഗ്രിമെന്റ് പുതുക്കിയിട്ടില്ല. 25.1.18 1/3 തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് അംഗീകരിച്ചിട്ടുണ്ട്. അസിസ്റ്റൻറ് എൻജിനീയർ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 440000/- രൂപ വകയിരുത്തിയ പി.എച്ച്.സി. മെയിന്റനൻസ്(pro.no.169) എന്ന മറ്റൊരു പ്രവൃത്തിയിൽ ഉൾക്കൊള്ളിച്ച ഇനങ്ങൾ വനിത ഫിറ്റ്നസ് സെൻറർ നിർമ്മാണം പ്രവർത്തിയുടെ ഭാഗമാക്കി മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 169/18 (സ്പിൽ ഓവർ) പദ്ധതി പ്രകാരമുള്ള പി.എച്ച്.സി. മെയിന്റനൻസ് പ്രവൃത്തിയിൽ സോളിഡ് ബ്ലോക്ക് വർക്ക് മാത്രം കോൺട്രാക്ടറായ കാർത്തികേയൻ ചക്കാമടത്തിൽ നിർവ്വഹിച്ചു. ആയതിന് ബിൽ നൽകിയിട്ടുണ്ട്. കെട്ടിടത്തിൽ ഒരു പ്രവൃത്തി ആവിഷ്കരിച്ച് ടെണ്ടർ ചെയ്ത് കോൺട്രാക്ടർക്ക് കൈമാറിയ അതേസമയം തന്നെ മറ്റൊരു പുതിയ പദ്ധതി വിഭാവനം ചെയ്ത് ഫിറ്റ്നെസ് സെന്റർ എന്ന പേരിൽ ഡി.പി.സി. അംഗീകാരം നേടുകയായിരുന്നു. ഒരൊറ്റ പ്രോജക്ടായി ആവിഷ്കരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്യാമായിരുന്ന പ്രവൃത്തി രണ്ടു പ്രവൃത്തികൾ ആയി ഒരേ കെട്ടിടത്തിൽ രണ്ടു കരാറുകൾ നടത്തിയത് നിലവിലെ പദ്ധതി നിർവ്വഹണ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. സർക്കുലർ E2-12509/16/CE/LSGD പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ പൂർണ്ണമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

3.പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2919.3 പ്രകാരം കെട്ടിടം പൊളിക്കുന്ന പ്രവൃത്തികളിൽ പൊളിച്ചു മാറ്റുന്ന ഭാഗങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റർ (പ്രഫോർമ 2900 K)എഴുതി സൂക്ഷിക്കേണ്ടതും ഈ ഭാഗങ്ങൾ പരമാവധി അതേ പ്രവൃത്തിക്ക് ഉപയോഗിക്കേണ്ടതുമാണ്. അല്ലെങ്കിൽ ഇവ ഭൗതിക പരിശോധനക്ക് വിധേയമാക്കി, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതിയോട് കൂടി പൊതുലേലം നടത്തേണ്ടതാണ്.എന്നാൽ കെട്ടിടം അറ്റകുറ്റ പണികൾക്കായി പൊളിച്ചപ്പോൾ സ്റ്റാക്ക് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട ഭാഗങ്ങൾ അതേ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ല. മൂല്യനിർണയം നടത്തുന്നതിനോ, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി അംഗീകാരത്തോടെ ലേലം ചെയ്യുന്നതിനോ ഉള്ള നടപടി സ്വീകരിച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പമില്ല.. ഇത് സംബന്ധിക്കുന്ന രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല.

| അളവ് പുസ്തകം പ്രകാരം സ്റ്റാക്ക് ചെയ്ത ഇനങ്ങൾ | എസ്റ്റിമേറ്റ് ഐറ്റം നമ്പർ | അളവ് പുസ്തകം നമ്പർ | അളവ് പുസ്തകം പേജ് |
|---|---|---|---|

| | | | |
|---|---|---|---|
| dismantling steel work 598kg | 1 | 106/17-18 | 61 |
| dimantling roofing ridges hips384m2 | 2 | 106/17-18 | 61 |
| demolishing brick work water tank 1,401cum | Extra20 | 106/17-18 | 68 |

മേൽപ്പറഞ്ഞവയുടെ വിനിയോഗ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവു തുക 10,92,061/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 30/20.03.19)

## 3-17 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് - അപാകതകൾ

2017-18 തൊഴിലുറപ്പ് പദ്ധതിയ്ക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തു (ടെണ്ടർ മുഖേന) വകയിൽ കോൺട്രാക്ടർ ശ്രീ.കാർത്തികേയൻ, ചക്കാമടത്തിൽ എന്നയാൾക്ക് തുക നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | തുക | ബിൽ നമ്പർ/ തീയതി | റിമാർക്ക്സ് |
|---|---|---|---|
| ഗ്രാമീണറോഡ് നിർമ്മാണം- ഭഗവാൻ നഗർ ലിങ്ക് റോഡ് നിർമ്മാണംW10 | 146001<br>151689 | 177/31.3.2018<br>316/31.3.2018 | |
| ഗ്രാമീണറോഡ് നിർമ്മാണം-തരിശ് കിഴക്ക് കോൺക്രീറ്റ് റോഡ് w15 | 199999<br>1662 | 13/7.2.2018<br>31/31.3.2018 | |
| ആകെ തുക | 3,51,688 | | |

സെക്രട്ടറിയുടെ 25.09.2017 ലെ 03/2016-17/MGNREGA സപ്ളൈ ഓർഡർ പ്രകാരം സാധനസാമഗ്രികൾ ആവശ്യപ്പെട്ടതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഭഗവാൻ നഗർ ലിങ്ക് റോഡ് നിർമ്മാണംW10

1.quarry waste-120.75m3

2.80mm stone aggregate-7.57m3

3.63mm stone aggregate-49.19m3

4.50mm stone aggregate-18.92m3

5.stone chippings-

A.11.2mm nominal size-1.7m3

B.4.75mm-12.67m3

C.150 micron-2.53m3

6.good earth-7.24m3

തരിശ് കിഴക്ക് കോൺക്രീറ്റ് റോഡ് w15

1.quarry waste-27m3

2.40mm stone aggregate-29.84m3

3.20mm stone aggregate-11.73m3

4.10mm stone aggregate-2.80m3

5.m sand-23.33m3

6.port land cement-12.5m3

മേൽ സാമഗ്രികൾ വർക്ക് സൈറ്റിൽ ലഭ്യമാക്കിയതിന്റെ വിവരം, ആയത് അളവെടുത്ത് സ്റ്റോക് ചെയ്ത വിവരം,മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തികളുടെഎം ബി യിൽ സ്റ്റോക്കിൽ നിന്നുമെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല .(MB NO.171/17-18, MB NO. 316/17 -18, MB NO.273/17-18). MB കളിൽ മേൽപറഞ്ഞ സാധനസാമഗ്രികൾ ഏതളവിൽ ഉപയോഗിച്ചു എന്ന് രേഖപ്പെടുത്തിയിട്ടില്ല. കോൺട്രാക്ടർ ഇറക്കിയ മെറ്റീരിയൽ സംബന്ധിച്ച വൗച്ചറുകൾ, ബില്ലുകൾ, റോയൽറ്റി അടച്ച രശീത് എന്നിവയും ലഭ്യമാക്കിയില്ല. തൃപ്തികരമായ വിശദീകരണത്തിന്റേയും രേഖകളുടെയും അഭാവത്തിൽ 3,51,688/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-18 ബിറ്റുമിൻ വാങ്ങൽ- സെക്രട്ടറിയുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന പ്ലാൻ ഫണ്ട് - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2016-17 വർഷത്തെ റോഡ് പ്രവൃത്തികൾക്കായി ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങുന്നതിലേക്കായി അസി.എഞ്ചിനീയർ പിൻവലിച്ച് സെക്രട്ടറിക്ക് നല്കിയ 1769011/- (1380618+388393) രൂപയിൽ 16,21,075 രൂപ മാത്രമേ 25/08/17 വരെ BPCL, HINDCOL എന്നീ സ്ഥാപനങ്ങൾക്കായി കൈമാറിയിട്ടുള്ളൂ. ബാക്കി തുകയായ 147936രൂപസെക്രട്ടറിയുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. ചെലവ് വന്നിട്ടില്ലെങ്കിൽ തുക എത്രയും വേഗം

സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

BPCL, HINDCOL എന്നിവക്ക് നല്കിയ 16,21,075/- രൂപയിൽ (BPCL-15,60,787+HINDCOL-60288), 1402996/- രൂപയുടെ ബിറ്റുമിൻ, എമൽഷൻ എന്നിവയാണ് നാളിതുവരെയായി ലഭ്യമായിട്ടുള്ളത്. 2,18,079/- രൂപയുടെ ബിറ്റുമിൻ, എമൽഷൻ എന്നിവ ഇനിയും ലഭ്യമാകേണ്ടതുണ്ട്. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയാഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 25000 | തളിക്കുളം ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 0 | 25000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 65000 | വികലാംഗർക്ക് മുച്ചക്ര വാഹനം | 0 | 65000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 243800 | 56200 |
| | | 75000 | | | 75000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് കെയർ | 141560 | 58440 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 29300 | കരനെൽകൃഷി | 29300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | തളിക്കുളം ഗ്രാമപഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 0 | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 240000 | പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിലിന് ടൂവീലർ | 54242 | 185758 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 49000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 49000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ഗാർഹിക കമ്പോസ്റ്റ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | അങ്കണവാടി പോഷകാഹാരം | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | കച്ചേരിപ്പടി കമ്മ്യൂണിറ്റി ഹാൾ നവീകരണം വാർഡ്-14 | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 800000 | പുളിയം തുരുത്ത് നോർത്ത് ,പുളിയം തുരുത്ത് സൗത്ത് സ്ലൂയീസ് നിർമ്മാണം | 0 | 800000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | മാലിന്യ സംസ്കരണ യൂണിറ്റ് | 0 | 1000000 |
| ആകെ (മുന്നിരിപ്പ് ഉൾപ്പെടെ) | | 3268300 | ബാലൻസ്<br>ബ്ലോക്ക് പഞ്ചായത്ത്<br>ജില്ലാ പഞ്ചായത്ത് | | 2584758<br>279640 |

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് യഥാക്രമം 192140/- രൂപയും, 2884758/- രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും പൊരുത്തപ്പെടാത്തത് ഖണ്ഡിക 1-12-ൽ ക്രമ നമ്പർ 8 ആയി പരാമർശിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം നൽകുകയോ തൻവർഷം അക്കൗണ്ട്സിൽ ബാലൻസ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പ്രൊജക്റ്റ് നമ്പർ 122/17 പൈപ്പ് ലൈൻ നീട്ടൽ | വൗച്ചർ നമ്പർ 21600989, ചെക്ക് നമ്പർ 2275283 തിയതി.06.03.2017 | 1614856 | 0 | 1614856 |

| | | | | | |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | വൗച്ചർ നം. 21600929 20/02/2017 | 1777290 | 0 | 1777290 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

2003-04 പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35 | 2003-04 | 3.8.10-2(5.1) | വില്പനികുതിക കുറവ് 32025/- | ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2000-01 | 39 | 2003-04 | 3.8.10-2(5.2) | അഡ്വാൻസ് നല്കിയ പണി പൂർത്തീകരിച്ചിട്ടില്ല. | ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2000-01 | 2.1 | 2016-17 | 2.2 | സ്ഥാപന തൊഴിൽനികുതി അടവാക്കൽ | അടവാക്കിയിട്ടുണ്ട്. |
| 2000-01 | 2.2 | 2016-17 | 2.1 | ഡി&ഒ ലൈസൻസ് | എല്ലാ സ്ഥാപനങ്ങൾക്കും |

| | | | | | |
|---|---|---|---|---|---|
| | | | | അനുവദിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്. | തൊഴിൽ നികുതി നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57180232 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66334418 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76515 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2250740 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-6-1 | - | 4472 | ബിന്ദു.എം.വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6-2 | | 7243 | ബിന്ദു.എം.വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | | 64800 | ഭരണ സമിതി അംഗങ്ങൾ+സെക്രട്ടറി (3811.76 രൂപ വീതം) |
| ആകെ | | 76515 ==== | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3(1) | 224816 | ശ്രീകല.എം.പി., ഹെഡ്മിസ്ട്രസ്സ് |
| 3-8 | 332175 | നിജ്ജ ജോർജ്, മെഡിക്കൽ ഓഫീസർ |
| 3-13 | 100000 | എ.ആർ.ഉന്മേഷ്, സെക്രട്ടറി |
| 3-14 | 150000 | എ.ആർ.ഉന്മേഷ്, സെക്രട്ടറി |
| 3-16 | 1092061 | ബിന്ദു.എം.യു., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | 351688 | എ.ആർ.ഉമേഷ്, സെക്രട്ടറി |
| ആകെ | 2250740 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.യു.ബിന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.സെക്ഷൻ, തളിക്കുളം | കാര്യങ്ങാട്ടിൽ ഹൗസ്, പുല്ലൂർ.പി.ഒ. |
| പ്രമീള സുദർശനൻ, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | പ്രമീള സുദർശനൻ, w/o സുദർശനൻ, ഇത്തിക്കാട്ട് വീട്, തമ്പാൻകടവ്,പി.ഒ. |
| സിന്ധു ഷജിൽ, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | സിന്ധു ഷജിൽ, w/o ഷജിൽ.ടി.സി., ളുമാട്ട് ഹൗസ്, തമ്പാൻകടവ്.പി.ഒ. |
| ഷിഹാബ്.പി.എ., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | ഷിഹാബ്.പി.എ., പുത്തൻപുരയിൽ വീട്, എടശ്ശേരി.പി.ഒ. |
| രജനി.കെ.കെ., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | രജനി.കെ.കെ., w/o ഹേനകുമാർ, പടാട്ട് ഹൗസ്, |

| | | |
|---|---|---|
| | | എടശ്ശേരി.പി.ഒ. |
| ബാബു.എം.കെ., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | ബാബു.എം.കെ., മണ്ണത്താംപറമ്പിൽ ഹൗസ്, എടശ്ശേരി.പി.ഒ. |
| ഇ.പി.കെ.സുഭാഷിതൻ, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | ഇ.പി.കെ.സുഭാഷിതൻ, എരണേഴത്ത് പടിഞ്ഞാറ്റയിൽ ഹൗസ്, തളിക്കുളം.പി.ഒ. |
| രമേഷ്.പി.ആർ., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | രമേഷ്.പി.ആർ., പീച്ചിലി വീട്, തളിക്കുളം.പി.ഒ. |
| സജിത.പി.ഐ., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | സജിത.പി.ഐ., പോക്കാക്കില്ലത്ത് ഹൗസ്, കൊപ്രക്കളം പടിഞ്ഞാറ്, തളിക്കുളം.പി.ഒ. |
| സന്ധ്യ രാമകൃഷ്ണൻ, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | സന്ധ്യ രാമകൃഷ്ണൻ, കരീപറമ്പിൽ ഹൗസ്, പി.ഒ.തളിക്കുളം |
| കൃഷ്ണഘോഷ്.ഇ.വി., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | കൃഷ്ണഘോഷ്.ഇ.വി., എരണേഴത്ത് വെങ്ങാലി ഹൗസ്, തമ്പാൻകടവ്.പി.ഒ. |
| നേന.എ.ടി., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | നേന.എ.ടി., ആലത്തി ഹൗസ്, തളിക്കുളം.പി.ഒ. |
| ഹാറൂൺ റഷീദ്.കെ.എ., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | ഹാറൂൺ റഷീദ്.കെ.എ., കറപ്പംവീട്ടിൽ ഹൗസ്, തളിക്കുളം.പി.ഒ. |
| സുൽഫിക്കർ.പി.എസ്., ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | സുൽഫിക്കർ.പി.എസ്., പുതിയവീട്ടിൽ ഹൗസ്, തളിക്കുളം.പി.ഒ. |
| സുമന ജോഷി, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | സുമന ജോഷി, കരീപാടത്ത് ഹൗസ്, എടശ്ശേരി.പി.ഒ. |
| ഷൗക്കത്തലി.പി.ഐ. | ഭരണ സമിതി അംഗം | ഷൗക്കത്തലി.പി.ഐ. |

| | | |
|---|---|---|
| ഭരണ സമിതി അംഗം | | പണിക്കവീട്ടിൽ ഹൗസ്, തളിക്കുളം.പി.ഒ. |
| സിന്ധു ബാലൻ, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | സിന്ധു ബാലൻ, ചെമ്പനാടൻ ഹൗസ്, തളിക്കുളം.പി.ഒ. |
| ടി.എസ്.ബെനഡിക്ട് ആന്റണി, ഭരണ സമിതി അംഗം | ഭരണ സമിതി അംഗം | ടി.എസ്.ബെനഡിക്ട് ആന്റണി, തുണ്ടിപറമ്പിൽ, വട്ടുതല.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 88-89, 89-90<br>90-91<br>92-93 മുതൽ 95-96 വരെ | എൽ.എഫ്.ടി.8-എസ്. 201/12തിയതി. 24/10/11 -28/03/12 |
| 97-98 | എൽ.എഫ്.ടി.14-1760/99 തിയതി. 28/03/2000 |
| 98-99 | എൽ.എഫ്.ടി.14-1547/2000- തിയതി 09/05/01 |
| 99-00 | എൽ.എഫ്.ടി.14-212/03- തിയതി 4/07/03 |
| 00-01 | എൽ.എഫ്.ടി.14-213/03 തിയതി 15/09/03 |
| 01-02 | എൽ.എഫ്.ടി.14-1735/03- തിയതി 22/05/03 |
| 02-03 | എൽ.എഫ്.ടി.14-440/05 തിയതി 10/10/05 |
| 03-04 | എൽ.എഫ്.ടി.14-1864/05 തിയതി 26/07/06 |
| 04-05 | എൽ.എഫ്.ടി.14-316/07 തിയതി 29/3/07-5 /06/07 |
| 05-06 | എൽ.എഫ്.ടി.14-1963/08 തിയതി 21/12/09 |
| 06-07 | എൽ.എഫ്.ടി.14-669/10 തിയതി 6/09/10 |
| 07-08 | എൽ.എഫ്.ടി.14-1068/10 തിയതി 31/01/11 |
| 08-09 | എൽ.എഫ്.ടി.പി.14-1069/10തിയതി 31/01/11-29/06/11 |
| 09-10 | എൽ.എഫ്.ടി.പി.1-891/12 തിയതി 7/9/12 |
| 10-11 | എൽ.എഫ്.ടി.പി.1-892/12തിയതി 7/9/12-5 /01/13 |
| 11-12 | എൽ.എഫ്.ടി.പി.1-364/13തിയതി 12/06/13-4 /11/13 |

| | |
|---|---|
| 12-13 | എൽ.എഫ്.ടി.പി.1-31/14തിയതി. 4/03/14 – 4/4/14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.130/2016/22.1.16- 18.3.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1197/16 തി. 21.7.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)9/17 തീ. 30.01.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.1) 1525/17 തിയതി.28.11.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി1)873/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in
തീയതി: 19.06.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

പ

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ